**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - പഞ്ചായത്ത് വകുപ്പിൽ കോട്ടയം ജില്ലയിലെ തൃക്കൊടിത്താനം ഗ്രാമപഞ്ചായത്തിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ. നജീം.വൈ ക്ക് കൊല്ലം ജില്ലയിലേക്ക് അന്തർ ജില്ലാ സ്ഥലംമാറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

**സ.ഉ (സാധാ) നം.631/2018/തസ്വഭവ തീയതി,തിരുവനന്തപുരം,05/03/2018**

---

പരാമർശം : 1. സ.ഉ (പി)നം.36/91/P&ARD തീയതി 02/12/1991

2. സ.ഉ (എം.എസ്) നം.166/2016/തസ്വഭവ തീയതി 14.11.2016

3. കൊല്ലം ജില്ലാ കളക്ടറുടെ 23.12.2017 ലെ കെ.ഡിസ്/38187/17/ഇ 2 നം കത്ത്.

4. പഞ്ചായത്ത് ഡയറക്ടറുടെ 27.02.2017,14.02.2018 തീയതികളിലെ ഇ 10-44779/14 നം. കത്തുകൾ.

5. ശ്രീമതി. റീജ നജീം സമർപ്പിച്ച അപേക്ഷ.

**<u>ഉത്തരവ്</u>**

പഞ്ചായത്ത് വകുപ്പിൽ കോട്ടയം ജില്ലയിൽ LDV ഡ്രൈവർ ഗ്രേഡ് II തസ്തികയിൽ പി.എസ്.സി മുഖേന നിയമനം ലഭിച്ച ശ്രീ. നജീം. വൈ യെ ഒരു പ്രത്യേക കേസായി പരിഗണിച്ച്, മാനുഷിക പരിഗണനനല്കിയും ചട്ടങ്ങളിൽ ഇളവ് നൽകികൊണ്ടും ഓഫീസ് അറ്റൻഡന്റ് തസ്തികയിലേയ്ക്ക് തസ്തികമാറ്റം അനുവദിച്ച് പരാമർശം (2) പ്രകാരം ഉത്തരവാകുകയും ടിയാൻ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ കോട്ടയം ജില്ലയിലെ തൃക്കൊടിത്താനം ഗ്രാമപഞ്ചായത്തിൽ തുടർന്നുവരികെ കൊല്ലം ജില്ലയിൽ സ്ഥിരതാമസക്കാരനായ ശ്രീ. വൈ. നജീമിന് കൊല്ലം ജില്ലയിൽ നിന്നും കോട്ടയത്ത് ദിവസവും പോയിവരാൻ ബുദ്ധിമുട്ടാണെന്നും ആയതിനാൽ കൊല്ലം ജില്ലയിലേയ്ക്ക് അന്തർജില്ലാ സ്ഥലംമാറ്റം നൽകണമെന്ന് ശ്രീ. നജീമിന്റെ ഭാര്യ ശ്രീമതി. റീജ നജീം പരാമർശം (5) പ്രകാരം അപേക്ഷിച്ചു. അന്തർജില്ലാ/വകുപ്പ് സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട് നിലവിലുള്ള സർക്കാർ ഉത്തരവുകൾ പ്രകാരം നിയമനം ലഭിച്ച ജില്ലയിൽ അഞ്ച് വർഷം സേവനം പൂർത്തീകരിച്ചവർക്കു മാത്രമേ അന്തർജില്ലാ/വകുപ്പ് സ്ഥലംമാറ്റം നൽകുന്നതിന് വകുപ്പധ്യക്ഷന്മാർക്കു അധികാരമുള്ളുവെന്ന് പരാമർശം (4) പ്രകാരം പഞ്ചായത്ത് ഡയറക്ടർ അറിയിച്ചു.

ശ്രീ. നജീം. വൈ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ കോട്ടയം ജില്ലയിൽ 5 വർഷത്തെ സേവനം പൂർത്തീകരിച്ചിട്ടില്ല. അതിനാൽ ലാസ്റ്റ് ഗ്രേഡ് സർവ്വീസ് വിശേഷാൽ ചട്ടങ്ങളിലെ അന്തർ ജില്ലാ സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട ചട്ടം 17(d)- യ്ക്ക് ചുവടെയുള്ള മൂന്നാം കുറിപ്പ് പ്രകാരം ശ്രീ. നജീമിന്റെ അപേക്ഷ അനുവദനീയമല്ല. എന്നാൽ, മാനുഷിക പരിഗണന അർഹിക്കുന്ന കേസുകളിൽ ചട്ടങ്ങളിൽ ഇളവ് നൽകി ഒരു പ്രത്യേക കേസായി പരിഗണിക്കുവാൻ

പരാമർശം (1) ലെ ഉത്തരവിൽ നിർദേശിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിലെ നിർദേശത്തിന്റെ അടിസ്ഥാനത്തിൽ കൊല്ലം ജില്ലാ കളക്ടറുടെ റിപ്പോർട്ട് ലഭ്യമാക്കി. അപേക്ഷകയായ ശ്രീമതി. റീജാ നജീമിന്റെ ഭർത്താവ് ശ്രീ. നജീം. വൈ ഏറ്റുമാനൂർ പഞ്ചായത്തിൽ ഡ്രൈവർ തസ്തികയിൽ ജോലി നോക്കിവരവേ ഒരു വശം തളർന്ന് പോയിട്ടുള്ളതും ആയത് പരിഗണിച്ച് ഡ്രൈവർ തസ്തിക പരിവർത്തനം ചെയ്ത് ഓഫീസ് അറ്റൻഡന്റ് ആയിട്ടുള്ളതും ടിയാന് ഭാര്യയും പ്രായപൂർത്തിയാകാത്ത രണ്ട് കുട്ടികളും ഉള്ളതായും. 72 വയസ്സ് പ്രായമായ മാതാവ് ടിയാന്റെ സംരക്ഷണയിലുമാണെന്നും ഇപ്പോഴും പരസഹായം ഇല്ലാതെ യാത്രചെയ്യാൻ കഴിയാത്ത അവസ്ഥയിലായതിനാൽ ഫിസിയോതെറാപ്പി ചികിത്സ നടത്തിവരുന്നതും. ലഭിക്കുന്ന ശമ്പളം ചികിത്സയ്ക്കും യാത്രയ്ക്കും തികയാത്ത അവസ്ഥയിലുമാണെന്നും മെഡിക്കൽ രേഖകൾ പ്രകാരം 65% പെർമനന്റ് ഡിസെബിലിറ്റി ഉള്ളതായും കാണുന്നുവെന്നും ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തു. ഈ വസ്തുതകൾ പരിഗണിച്ച് മാനുഷിക പരിഗണന നൽകി ബന്ധപ്പെട്ട ചട്ടങ്ങളിൽ ഇളവ് അനുവദിച്ചുകൊണ്ട് ശ്രീ. നജീമിന്റെ അന്തർജില്ലാ സ്ഥലംമാറ്റത്തിനുള്ള അപേക്ഷ പരിഗണിക്കാവുന്നതാണെന്ന് കൊല്ലം ജില്ലാ കളക്ടർ പരാമർശം (3) പ്രകാരം ശിപാർശ ചെയ്ത് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പഞ്ചായത്ത് വകുപ്പിൽ കോട്ടയം ജില്ലയിലെ തൃക്കൊടിത്താനം ഗ്രാമപഞ്ചായത്തിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ. വൈ.നജീമിന് മാനുഷിക പരിഗണന നൽകി ചട്ടങ്ങളിൽ ഇളവ് വരുത്തി കൊല്ലം ജില്ലയിലേയ്ക്ക് അന്തർജില്ലാ സ്ഥലംമാറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. ശ്രീ. നജീം.വൈ, ഓഫീസ് അറ്റൻഡന്റിന് പഞ്ചായത്ത് ഡയറക്ടർ കൊല്ലം ജില്ലയിൽ ഉചിതമായ നിയമനം നല്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എ. അജിത് കുമാർ**

**സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ. തിരുവനന്തപുരം.
ജില്ലാ കളക്ടർ, കൊല്ലം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം
ശ്രീ. നജീം.വൈ, ഓഫീസ് അറ്റൻഡന്റ്, തൃക്കൊടിത്താനം ഗ്രാമപഞ്ചായത്ത്, കോട്ടയം ജില്ല.
(സെക്രട്ടറി, തൃക്കൊടിത്താനം ഗ്രാമപഞ്ചായത്ത് മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള. തിരുവനന്തപുരം.
പൊതുഭരണ(എസ്.സി) വകുപ്പ്
ഡയറക്ടർ.ഐ.കെ.എം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
ഐ&പിആർഡി -വെബ് & ന്യൂ മീഡിയ(സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
ഓഫീസ് പകർപ്പ് (ഫയൽ നം. LSGD-EPA2/41/2017-LSGD)/ കരുതൽ ഫയൽ.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ